"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - സംസ്ഥാനത്ത് നടപ്പാക്കുന്ന സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാപദ്ധതിയായ ഡിജികേരളം മാർഗ്ഗ രേഖ - ഭേദഗതി വരുത്തി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഇ ജി) വകുപ്പ്

സ.ഉ.(കൈ) നം.79/2024/LSGD തീയതി,തിരുവനന്തപുരം, 27-06-2024

---

പരാമർശം:- 1. 29/09/2023 -ലെ സ.ഉ.(കൈ)നം.174/2023/ത.സ്വ.ഭ.വ
2. ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16/05/2024ന് ചേർന്ന യോഗം
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 20/05/2024-ലെ LSGD/PD/50241/2023-GEB2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള സംസ്ഥാനത്ത് സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പദ്ധതിയായ "ഡിജി-കേരളം" നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം (1) ഉത്തരവ് പ്രകാരം അംഗീകരിച്ച് ഉത്തരവായിരുന്നു. പരാമർശം (2) ലെ യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഡിജിറ്റൽ സാക്ഷരത പദ്ധതിയുടെ സമയക്രമം കൂടി ഉൾപ്പെടുത്തിക്കൊണ്ട് പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിക്കുവാൻ തീരുമാനിച്ചു.

മേൽ സാഹചര്യത്തിൽ, സംസ്ഥാനത്ത് സമ്പൂർണ ഡിജിറ്റൽ സാക്ഷരതാ പദ്ധതിയായ "ഡിജി കേരളം" പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി പരാമർശം (1) പ്രകാരം അംഗീകരിച്ച മാർഗ്ഗരേഖ മേൽ പറയുംപ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഭേദഗതി വരുത്തിയ മാർഗ്ഗ രേഖ അനുബന്ധമായി ചേർക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരളമിഷൻ തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (E&RSA/G&SSA) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (LSGD-EG1/19/2023/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Manikkuttan R
Date: 28-06-2024 10:31:36
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ ,എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്കു്.
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി എ യ്ക്കു്.
തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പി എ യ്ക്കു്.
തദ്ദേശ സ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി യ്ക്കു്.
തദ്ദേശ സ്വയം ഭരണ ( എഫ്. എം /ഡി ഡി/ഡി എ) വകുപ്പ്

## 'ഡിജി കേരളം' സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പദ്ധതി

## മാർഗ്ഗ നിർദ്ദേശങ്ങൾ

### പദ്ധതിയുടെ ലക്ഷ്യം

സമൂഹത്തിലെ എല്ലാ മേഖലയിലുമുള്ള ജനങ്ങൾക്കും അടിസ്ഥാന ഡിജിറ്റൽ സാക്ഷരത ലഭ്യമാക്കി, വിവരസാങ്കേതിക വിദ്യയുടെ ഗുണങ്ങൾ അവരിലേക്ക് ഫലപ്രദമായി വ്യാപിപ്പിച്ച് അവരുടെ ശാക്തീകരണം ഉറപ്പാക്കുകയും സർക്കാർ നൽകുന്ന ദൈനംദിന സേവനങ്ങൾ എളുപ്പത്തിൽ ഉപയോഗിക്കുന്നതിനും, വികസന പദ്ധതികളിൽ പങ്കാളികൾ ആയി അതിന്റെ ഫലങ്ങൾ അനുഭവവേദ്യമാക്കുന്നതിനും ആണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്. അത്തരത്തിൽ, സംസ്ഥാനത്തെ മുഴുവൻ പൗരന്മാർക്കും ഡിജിറ്റൽ സാക്ഷരത ഉറപ്പാക്കി രാജ്യത്തെ ആദ്യ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നതും പദ്ധതി വഴി ലക്ഷ്യമിടുന്നു.

### പദ്ധതിയുടെ നിർവഹണ രീതി

ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലുമുള്ള മുഴുവൻ ജനങ്ങളെയും സംബന്ധിച്ച വിവരശേഖരണം നടത്തി, അവരിൽ ഡിജിറ്റൽ സാക്ഷരത ഇല്ലാത്ത 14 വയസ്സിന് മുകളിലുള്ള മുഴുവൻ പൗരന്മാർക്കും വോളണ്ടിയർമാർ മുഖേന പരിശീലനം നൽകി ഡിജിറ്റൽ സാക്ഷരർ ആക്കുന്ന രീതിയാണ് അവലംബിക്കുന്നത്. ഡിജിറ്റൽ സാക്ഷരതാ പരിശീലനം നൽകുന്നതിന് ഉയർന്ന പ്രായപരിധി നിശ്ചയിച്ചിട്ടില്ലെങ്കിലും 1 4 മുതൽ 6 5 വയസ്സ് വരെയുള്ളവരെ മാത്രം, പദ്ധതിയുടെ ലക്ഷ്യപ്രാപ്തി അളക്കുന്നതിന് നടത്തുവാൻ ഉദ്ദേശിക്കുന്ന അന്തിമ മൂല്യനിർണ്ണയ പ്രക്രിയയ്ക്ക് (evaluation) വിധേയരാക്കിയാൽ മതിയാകും.

സർവ്വേയിലൂടെ ഡിജിറ്റൽ സാക്ഷരർ അല്ലെന്ന് കണ്ടെത്തുന്നവർക്ക് NSS, NCC, NYK, SPC, കുടുംബശ്രീ, സാക്ഷരതാ മിഷൻ, എസ്.സി. - എസ്.റ്റി. പ്രമോട്ടർമാർ, സന്നദ്ധ സേന, ലൈബ്രറി കൗൺസിൽ, യുവജനക്ഷേമ ബോർഡ്, യുവതീ-യുവാക്കൾ , വിദ്യാർത്ഥികൾ എന്നിവയിൽ ഉൾപ്പെട്ട വോളണ്ടിയർമാരിൽ, സ്മാർട്ട്ഫോൺ ഉപയോഗിക്കാൻ അറിയാവുന്നവരെ കണ്ടെത്തി പരിശീലിപ്പിച്ച് അവർ മുഖേനയാണ് താഴെ തട്ടിൽ പരിശീലനം നടത്തുന്നത്. ഈ പ്രവൃത്തികൾ വിജയകരമായി പൂർത്തീകരിക്കുന്നതിന് വോളണ്ടിയർമാരെ സഹായിക്കുന്നതിന് കുടുംബശ്രീ സംഘടനാ സംവിധാനം ഉപയോഗിക്കേണ്ടതാണ്.

വിവരശേഖരണം, പരിശീലനം, മൂല്യനിർണ്ണയം എന്നിവ നടത്തുന്നതിന് ഒരു മൊബൈൽ ആപ്ലിക്കേഷനും, ശേഖരിച്ച വിവരങ്ങൾ വിശകലനം നടത്തി തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും ഉദ്യോഗസ്ഥരുടെയും വോളണ്ടിയർമാരുടെയും രജിസ്ട്രേഷൻ നടത്തുന്നതിനും അവർക്ക് ചുമതലകൾ നൽകുന്നതിനും ഒരു വെബ്പോർട്ടലും ഉണ്ടായിരിക്കുന്നതാണ്. അവ വികസിപ്പിക്കുന്നതിന് ഒരു സ്റ്റാർട്ട് അപ്പ് കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വോളണ്ടിയർമാരുടെ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള ലിങ്ക് പ്രവർത്തനക്ഷമമാണ്. https://digikeralam.lsgkerala.gov.in/ എന്ന 'ഡിജി കേരളം' പദ്ധതിയുടെ വെബ് പോർട്ടലിൽ ഈ ലിങ്ക് ലഭ്യമാണ്.

### പ്രചാരണ പ്രവർത്തനങ്ങൾ

'ഡിജി കേരളം' — സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ പദ്ധതിയെ മൂന്ന് ഘട്ടങ്ങൾ ആയി തരം തിരിക്കാവുന്നതാണ്. വിവരശേഖരണത്തിന്റെ ആദ്യ ഘട്ടം, ഡിജിറ്റൽ സാക്ഷരത ഇല്ലാത്തവർക്ക് പരിശീലനം നൽകുന്നതിന്റെ രണ്ടാം ഘട്ടം, പരിശീലനം സിദ്ധിച്ചവർ ഡിജിറ്റൽ സാക്ഷരത

കൈവരിച്ചോ എന്ന് മൂല്യ നിർണ്ണയം നടത്തുന്ന മൂന്നാം ഘട്ടം എന്നിവയാണവ. ഈ മൂന്ന് ഘട്ടവും വിജയകരമായി പൂർത്തിയാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിപുലമായ മാനവ വിഭവശേഷി ആവശ്യമുണ്ട്. പദ്ധതിയുടെ ആദ്യ ഘട്ടം എന്ന നിലയിൽ ഡിജിറ്റൽ സാക്ഷരതയും അതിന്റെ പ്രാധാന്യവും ജനങ്ങൾക്ക് മനസിലാകുന്ന രീതിയിലും, യുവജനങ്ങൾക്കും കൗമാരക്കാർക്കും വോളണ്ടീയർ ആകാനുള്ള പ്രേരണ നൽകുന്ന വിധത്തിലുമുള്ള പ്രചാരണ പരിപാടികൾ നടത്തേണ്ടതുണ്ട്. പദ്ധതിയുടെ ആവശ്യകതയെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചുമുള്ള വാർത്തകൾ, പരസ്യങ്ങൾ, വീഡിയോകൾ, റീലുകൾ എന്നിവ തയ്യാറാക്കുന്നതിനുള്ള സംസ്ഥാനതല പ്രചാരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം തദ്ദേശ സ്ഥാപന തലങ്ങളിലും പദ്ധതിയെ സംബന്ധിച്ച് വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്. പരമാവധി ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനായി വ്യാപകമായ പ്രചരണം നൽകേണ്ടതാണ്. ഡിജി കേരളം പദ്ധതിയുമായി ബന്ധപ്പെട്ട ജില്ലാതല പ്രവർത്തനങ്ങൾ ജില്ലാ കലക്ടറുടെ നേതൃത്വത്തിലാണ് ഏകോപിപ്പിക്കേണ്ടത്. തദ്ദേശ സ്ഥാപന തലത്തിലെ പരിപാടികൾ ജനപ്രതിനിധികളുടെയും മറ്റ് വിശിഷ്ട വ്യക്തികളുടെയും സാന്നിദ്ധ്യത്തിലും പങ്കാളിത്തത്തിലും നടത്തേണ്ടതാണ്.

ഡിജി കേരളം പദ്ധതി ജനകീയമാക്കുന്നതിനും കൂടുതൽ പേരെ പദ്ധതിയുടെ ഭാഗമാക്കുന്നതിനുമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും "ഡിജി വാരം" ആഘോഷിക്കേണ്ടതാണ്. കൂടാതെ, സംസ്ഥാനത്തെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലെയും മുൻസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും എല്ലാ വാർഡുകളിലും "ഡിജി സഭ" ചേരേണ്ടതാണ്. ഡിജി വാരത്തിന്റെ ഭാഗമായി കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി, സ്കൂൾ വിദ്യാർത്ഥികൾ, സാക്ഷരതാ മിഷൻ, ലൈബ്രറി കൗൺസിൽ, എൻ.എസ്.എസ്. തുടങ്ങിയവരുമായി ചേർന്ന് പദ്ധതിയുടെ പ്രചരണാർത്ഥം ഏതെങ്കിലും ഒരു പരിപാടി എല്ലാ ദിവസങ്ങളിലും തദ്ദേശ സ്ഥാപനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. എല്ലാ ഗ്രാമ പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഡിജിറ്റൽ സാക്ഷരതയുടെ പ്രാധാന്യം മുൻനിർത്തി പ്രത്യേക അയൽക്കൂട്ട യോഗങ്ങൾ ചേരേണ്ടതാണ്.

1. **വിവരശേഖരണ പ്രക്രിയ**

ഡിജിറ്റൽ സാക്ഷരത ആവശ്യമുള്ള പരിശീലനാർത്ഥികളെ കണ്ടെത്തുന്നതിനുള്ള വിവരശേഖരണം ആരംഭിക്കേണ്ടതുണ്ട്. ഡിജിറ്റൽ സാക്ഷരതാ പദ്ധതിയുടെ ഭാഗമായി കുടുംബത്തിന്റെ വിവരങ്ങൾ നൽകുന്നതിന് തയ്യാറുണ്ടോ എന്ന് ചോദിച്ച ശേഷം തയ്യാറുള്ള കുടുംബങ്ങളുടെ മാത്രം വിവരങ്ങൾ ശേഖരിച്ചാൽ മതിയാകും. ഓരോ തദ്ദേശ സ്ഥാപന തലത്തിലും വ്യാപകമായ പ്രചാരണം നൽകി, ഓരോ വാർഡിലും/ഡിവിഷനിലും ജനപ്രതിനിധികൾ, കലാ-സാംസ്കാരിക പ്രവർത്തകർ, മറ്റ് മേഖലകളിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ വഴി ജനങ്ങൾക്കിടയിൽ സ്വാധീനമുള്ള വ്യക്തികൾ എന്നിവരുടെ സാന്നിദ്ധ്യം ഉറപ്പാക്കി വേണം വിവരശേഖരണ പ്രക്രിയയുടെ ആരംഭം കുറിക്കേണ്ടത്.

i. **വോളണ്ടിയർമാരുടെ രജിസ്ട്രേഷൻ**

ഏറ്റവും താഴെ തട്ടിൽ ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സംഘടനാ സംവിധാനത്തെ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതോടൊപ്പം തന്നെ തദ്ദേശ സ്ഥാപന പരിധിയിലെ ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, യുവതീ-യുവാക്കൾ, വിദ്യാർത്ഥികൾ, NSS, NCC, NYK, SPC, കുടുംബശ്രീ, സാക്ഷരതാ മിഷൻ, സന്നദ്ധ സേന, ലൈബ്രറി കൗൺസിൽ, യുവജനക്ഷേമ ബോർഡ് എന്നിവയിൽ ഉൾപ്പെട്ട വോളണ്ടിയർമാർ, പ്രാദേശിക വോളണ്ടിയർമാർ എന്നിവരുടെ സേവനവും പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് ഉപയോഗിക്കേണ്ടതാണ്. ഇതിനായി പരമാവധി വോളണ്ടിയർമാരെ ഉൾപ്പെടുത്തുന്നതിനുള്ള വ്യാപകമായ പ്രചാരണം പ്രാദേശിക തലത്തിലും സാമൂഹ്യ മാധ്യമങ്ങളിലും നടത്തേണ്ടതാണ്.

കൂടാതെ, ഓരോ തദ്ദേശ സ്ഥാപനത്തിലെയും വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരെയും അവരുടെ താത്പര്യം അനുസരിച്ച്, അവരുടെ ദൈനംദിന ജോലികളെ ദോഷകരമായി ബാധിക്കാത്ത തരത്തിൽ, പദ്ധതിയുടെ വാർഡ്/ഡിവിഷൻ തല മോണിറ്ററിങ്ങിന് അതത് തദ്ദേശ സ്ഥാപനത്തിന് നിയോഗിക്കാവുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കായി പരമാവധി വോളന്റിയർമാരെ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തണം. പ്രാദേശിക വോളന്റിയർമാരോടൊപ്പം തദ്ദേശസ്വയംഭരണ വകുപ്പിൽ പ്രവർത്തിക്കുന്ന എല്ലാ ഉദ്യോഗസ്ഥരും വോളന്റിയറായി പദ്ധതിയിൽ രജിസ്റ്റർ ചെയ്യേണ്ടതും വിവരശേഖരണം, പരിശീലനം, മൂല്യനിർണ്ണയം തുടങ്ങി വിവിധ ഘട്ടങ്ങളിൽ ഇവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതുമാണ്. എന്നാൽ മേൽ വിവരിച്ച പ്രവർത്തനങ്ങളുടെ പൂർണ്ണ ചുമതല ഉദ്യോഗസ്ഥർക്ക് മാത്രമായി നൽകുവാൻ പാടില്ല.

ഇത് കൂടാതെ, ആവശ്യമെങ്കിൽ ഓരോ തദ്ദേശ സ്ഥാപനത്തിന്റെയും പരിധിയിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും അദ്ധ്യാപകർക്കും വാർഡ്/ഡിവിഷൻ തലത്തിൽ മോണിറ്ററിംഗ് ചുമതല നല്കാവുന്നതാണ്. അവരുടെ ദൈനംദിന ജോലികളെ ദോഷകരമായി ബാധിക്കാത്ത തരത്തിൽ, അവരെ ഓരോ വാർഡ്/ഡിവിഷനിലേക്ക് നിയോഗിക്കുന്നതിന് അതത് തദ്ദേശ സ്ഥാപന സെക്രട്ടറിമാർക്ക് ചുമതല നല്കാവുന്നതാണ്.

"'ഉന്നത് ഭാരത് അഭിയാൻ" പദ്ധതിയുടെ ഭാഗമായി ഒരു പ്രദേശത്തെ വികസനപരമായ പദ്ധതികളിൽ അവിടുത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളും വിദ്യാർത്ഥികളും ഭാഗമാകണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഭാഗമാകാൻ താത്പര്യം അറിയിച്ച I.I.T. പാലക്കാട് (വടക്കൻ മേഖല) കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി (മധ്യമേഖല), IISER (തെക്കൻ മേഖല) സ്ഥാപനങ്ങളെയും, കേരളത്തിൽ 14 ജില്ലകളിലായി പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 186 ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെയും AICTE അംഗീകാരം ഉള്ള എല്ലാ സ്ഥാപനങ്ങളേയും ഈ പദ്ധതിയുടെ ഭാഗമാക്കേണ്ടതുണ്ട്. ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 'ഡിജി കേരളം' പദ്ധതിയുടെ പ്രചരണാർത്ഥം പരിപാടികൾ സംഘടിപ്പിയ്ക്കാവുന്നതും താത്പര്യമുള്ള അദ്ധ്യാപകരെയും, വിദ്യാർത്ഥികളെയും പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്യാവുന്നതാണ്. അവരിൽ സാമൂഹ്യ സേവനത്തിന്റെ പ്രാധാന്യം മനസിലാക്കിക്കൊടുത്ത് പദ്ധതിയിൽ ചേർക്കേണ്ടതാണ്. IISER, തിരുവനന്തപുരം, , IIT പാലക്കാട്, കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി, കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി, ഐ ടി മിഷൻ എന്നീ സ്ഥാപനങ്ങളെ പദ്ധതി പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി നിയോഗിക്കാവുന്നതാണ്.

ഇതോടൊപ്പം പദ്ധതിയുടെ മൂന്ന് ഘട്ടങ്ങളിലും വോളണ്ടിയർ മാരായി പ്രവർത്തിക്കുവാൻ താത്പര്യം ഉള്ള മുഴുവൻ കുടുംബശ്രീ പ്രവർത്തകർക്കും പദ്ധതിയിൽ പങ്കാളികൾ ആവുന്നതിന് വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുവാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഈ സൗകര്യം പ്രാദേശിക വോളണ്ടിയർമാർക്കും വിദ്യാർഥികൾക്കും മറ്റ് യുവജനങ്ങൾക്കും നൽകണം.

സേവനതൽപരരായ വോളണ്ടിയർമാർക്ക് തങ്ങളുടെ പേരുകൾ രജിസ്റ്റർ ചെയ്യുന്നതിനും, ഏത് തദ്ദേശ സ്ഥാപനത്തിലാണ് സേവനം ചെയ്യുവാൻ താത്പര്യം ഉള്ളത് എന്ന് രേഖപ്പെടുത്തുന്നതിനും പദ്ധതിയുടെ നടത്തിപ്പിനായി വികസിപ്പിക്കുന്ന വെബ്പോർട്ടലിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

വിവരശേഖരണ പ്രക്രിയ ഒരാഴ്ച കൊണ്ട് പൂർത്തിയാക്കുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ആയതിനാൽ തദ്ദേശ സ്ഥാപനത്തിലെ മുഴുവൻ വീടുകളുടെയും കണക്ക് പരിശോധിച്ച് 3 0 വീടുകൾ സന്ദർശിക്കുന്നതിന് ഒരാൾ, എന്ന കണക്കിൽ സർവ്വേയ്ക്കായി വോളണ്ടിയർമാരെ കണ്ടെത്തേണ്ടതാണ്. ഓരോ തദ്ദേശ സ്ഥാപനത്തിലും എത്ര പേർക്കാണ് ഡിജിറ്റൽ സാക്ഷരതാ പരിശീലനം നൽകേണ്ടത് എന്നത് മുൻകൂട്ടി നിശ്ചയിക്കാൻ കഴിയില്ല. അതിന്റെ

കണക്ക് വിവരശേഖരണത്തിന് ശേഷം മാത്രമേ തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ. സർവ്വേയിൽ കണ്ടെത്തുന്ന പഠിതാക്കൾക്ക് പരിശീലനം നൽകുന്നതിന്, 20 പഠിതാക്കൾക്ക് ഒരു വോളണ്ടിയർ എന്ന കണക്കിൽ വോളണ്ടിയർമാരെ നിയോഗിക്കേണ്ടതുണ്ട്. അത് കൊണ്ട് പരമാവധി വോളണ്ടിയർമാരെ രജിസ്റ്റർ ചെയ്യിക്കുന്നതിനും 'റിസർവ്' ആക്കി വയ്ക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

രജിസ്ട്രേഷൻ പൂർത്തിയായി, മതിയായ വോളണ്ടിയർമാരെ കണ്ടെത്തിക്കഴിഞ്ഞാൽ, അവരുടെ താത്പര്യം അനുസരിച്ച് തദ്ദേശ സ്ഥാപനവും വാർഡ്/ഡിവിഷനും അനുവദിക്കുന്നതിനുള്ള സംവിധാനം വെബ്പോർട്ടലിൽ തദ്ദേശ സ്ഥാപനതല പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ ലോഗിനിൽ ലഭ്യമാക്കിയിട്ടുണ്ട്.

വോളണ്ടിയർമാരുടെ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള ലിങ്ക് പ്രവർത്തനക്ഷമമാണ്. https://digikeralam.lsgkerala.gov.in/ എന്ന 'ഡിജി കേരളം' പദ്ധതിയുടെ വെബ് പോർട്ടലിൽ ഈ ലിങ്ക് ലഭ്യമാണ്. എല്ലാ വോളന്റിയർമാരും ഈ ലിങ്കിൽ കയറി രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

**ii. വോളണ്ടിയർമാർക്കുള്ളപരിശീലനം**

ഈ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ പരിശീലനങ്ങളും കിലയുടെ നേതൃത്വത്തിലായിരിക്കും നടത്തുന്നത്. വിദ്യാർത്ഥികൾ, മറ്റ് വോളണ്ടിയർമാർ എന്നിവരുടെ പരിശീലനം എൻ.എസ്.എസ്, IIT പാലക്കാട്, കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി, IISER എന്നീ സ്ഥാപനങ്ങൾ കിലയുമായി സഹകരിച്ച് പൂർത്തിയാക്കേണ്ടതാണ്. മേൽ വിവരിച്ച മാതൃകയിൽ വിവരശേഖരണത്തിന് 3 0 വീടുകൾ സന്ദർശിക്കുന്നതിന് ഒരു വോളന്റിയർ എന്നും, 20 പഠിതാക്കൾക്ക് പരിശീലനം നൽകുന്നതിന് ഒരു വോളണ്ടിയർ എന്നും കണക്കിൽ മതിയായ എണ്ണം വോളണ്ടിയർമാരെ പരിശീലിപ്പിക്കേണ്ടതുണ്ട്. ഇത്തരത്തിൽ ഓരോ തദ്ദേശ സ്ഥാപനത്തിലും വിവരശേഖരണം നടത്തുന്നതിന് ആകെ വീടുകളുടെ എണ്ണം അനുസരിച്ച് വിവരശേഖരണ പ്രവർത്തനത്തിനുള്ള വോളണ്ടിയർമാരുടെ ഏകദേശ എണ്ണം അതത് തദ്ദേശ സ്ഥാപന സെക്രട്ടറിമാർ തിട്ടപ്പെടുത്തേണ്ടതാണ്. വിവരശേഖരണത്തിനുള്ള പരിശീലനം നൽകുന്നതിനുള്ള വീഡിയോ ട്യൂട്ടോറിയൽ സംസ്ഥാന സെൽ ലഭ്യമാക്കുന്നതാണ്.

തദ്ദേശ സ്ഥാപന സെക്രട്ടറിമാർ തിട്ടപ്പെടുത്തുന്ന വോളണ്ടിയർമാരുടെ ഏകദേശ എണ്ണം, ജില്ലാ ജോയിന്റ് ഡയറക്ടർമാർ ശേഖരിച്ച് ഓരോ ജില്ലയിലും ഏകദേശം എത്ര വോളണ്ടിയർമാരെ പരിശീലിപ്പിക്കേണ്ടി വരും എന്ന് കണക്കാക്കേണ്ടതും മതിയായ എണ്ണം മാസ്റ്റർ ട്രെയിനർമാരെ കണ്ടെത്തേണ്ടതുമാണ്. സന്നദ്ധ സേവനം, നേതൃപാടവം മുതലായ വിഷയങ്ങളിൽ പരിശീലനം നൽകുവാൻ ശേഷിയുള്ളവരും വേണ്ടത്ര പ്രചോദനം നൽകി വോളണ്ടിയർമാരെ ഈ പദ്ധതിയുടെ ഭാഗമാക്കുവാൻ കഴിവുള്ളവരും സ്മാർട്ട്ഫോൺ ഉപയോഗിക്കാൻ അറിയാവുന്നവരെയുമാണ് മാസ്റ്റർ ട്രെയിനർമാരായി തെരഞ്ഞെടുക്കേണ്ടത്. ഇതിനായി കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ, സാക്ഷരതാ പ്രേരക്മാർ, എൻ.എസ്.എസ്. , ബഹു. മുഖ്യമന്ത്രിയുടെ സന്നദ്ധ സേന എന്നിവയിൽ പ്രവർത്തിയ്ക്കുന്നവരിൽ താല്പര്യമുള്ളവരെയും മാസ്റ്റർ ട്രെയിനർമാരായി പരിഗണിക്കാവുന്നതാണ്. ഓരോ ജില്ലയിലേയും ജില്ലാതല മാസ്റ്റർ ട്രെയിനർമാരുടെ പട്ടിക ജില്ലാ ജോയിന്റ് ഡയറക്ടർമാർ പ്രിൻസിപ്പൽ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും, മാസ്റ്റർ ട്രെയിനർമാരുടെ പരിശീലനം പൂർത്തിയാക്കേണ്ടതുമാണ്. ജില്ല മോണിറ്ററിംഗ് കമ്മിറ്റി പരിശീലനവുമായി ബന്ധപ്പെട്ട് തുടർനടപടികൾ മോണിറ്റർ ചെയ്യുന്നതാണ്. മാസ്റ്റർ ട്രെയിനറായി തെരഞ്ഞെടുക്കപ്പെടുന്നവർ https://form.jotform.com/232680992045057 എന്ന ലിങ്കിൽ അവരുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് അതത് ജോയിന്റ് ഡയറക്ടർമാർ നടപടി സ്വീകരിക്കേണ്ടതാണ്. തുടർന്ന് വോളണ്ടിയർമാരുടെ പരിശീലനം തദ്ദേശ സ്ഥാപനതലങ്ങളിൽ പൂർത്തിയാക്കണം.

2. പഠിതാക്കൾക്കുള്ള പരിശീലനം

i. പരിശീലന രീതി

തെരഞ്ഞെടുത്ത വോളണ്ടിയർമാരുടെ സേവനം വിനിയോഗിച്ച് ചുവടെ ചേർത്തിട്ടുള്ള രീതികളിൽ ആയിരിക്കണം പഠിതാക്കൾക്ക് പരിശീലനം നൽകേണ്ടത്.

a. **ക്ലസ്റ്റർ രീതി–** കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തിയ "ബാക്ക് ടു സ്കൂൾ" പദ്ധതിയുടെ മാതൃകയിൽ കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളെ ഉപയോഗിച്ച് പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്ലസ്റ്റർ മാതൃകയിൽ പരിശീലനം നൽകാവുന്നതാണ് . ഇതിനായി 'ബാക്ക് ടു സ്കൂൾ' പദ്ധതിക്ക് അനുവദിച്ച് തന്നതുപോലെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ അനുവദിച്ച് നൽകുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള വായനശാലകളിൽ സായാഹ്ന ക്ലാസ്സുകളും സംഘടിപ്പിക്കാവുന്നതാണ് . അനാഥാലയങ്ങൾ, പുവർ ഹോമുകൾ, ആശുപത്രികൾ, ജയിൽ തുടങ്ങിയ സ്ഥലങ്ങളിൽ അവിടെയുള്ള ഉദ്യോഗസ്ഥരെ ഉപയോഗിച്ച് ഡിജിറ്റൽ സാക്ഷരത ക്ലാസുകൾ സംഘടിപ്പിക്കാവുന്നതാണ്.

b. **തൊഴിലുറപ്പ് പദ്ധതി സൈറ്റ് പോലെ ആളുകൾ ഒരുമിച്ച് കൂടുന്ന സ്ഥലങ്ങളിൽ പരിശീലനം നൽകുന്ന രീതി-** തൊഴിലുറപ്പ് പദ്ധതി സൈറ്റ് പോലെ ആളുകൾ കൂട്ടം കൂടുന്ന സ്ഥലങ്ങളിൽ വച്ച് പരിശീലനം ആവശ്യം ഉള്ളവർക്ക് അത് നൽകുന്ന രീതി അവലംബിക്കാവുന്നതാണ്. ഇങ്ങനെ പരിശീലനം നൽകുമ്പോൾ അവരുടെ ജോലി സമയം കഴിഞ്ഞുള്ള ഇടവേളകളിൽ മാത്രമേ പരിശീലനം നൽകുവാൻ പാടുള്ളൂ. ഡിജിറ്റൽ സാക്ഷരതാ പരിശീലനം ഒരു തരത്തിലും അവരുടെ പ്രവൃത്തിയെ ബാധിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

c. **വീടുകൾ കേന്ദ്രീകരിച്ച് പരിശീലനം–** സ്കൂളുകളിലേക്കും വായനശാലകളിലേക്കും എത്തിപ്പെടാൻ കഴിയാത്ത പരിശീലനാർത്ഥികൾക്ക് വീടുകളിൽ എത്തി പരിശീലനം നൽകാനുള്ള സംവിധാനം ഏർപ്പെടുത്താവുന്നതാണ്. ഡിജിറ്റൽ സാക്ഷരതാ പരിശീലനം ആവശ്യമുണ്ട് എന്ന് കണ്ടെത്തുന്നവർക്ക് അവരുടെ വീടുകളിൽ തന്നെയുള്ള, സ്മാർട്ട് ഫോൺ ഉപയോഗിച്ച് പരിചയമുള്ള, യുവതീ-യുവാക്കളെയും വിദ്യാർത്ഥികളേയും ഉപയോഗിച്ച് പരിശീലനം നല്കാവുന്നതാണ്. ഇങ്ങനെ പരിശീലനം നൽകുമ്പോഴും ക്ലസ്റ്റർ രീതിയിൽ വിവരിച്ച മാതൃകയിൽ പഠിതാവിനെ ഒരു വോളണ്ടിയറുടെ കീഴിൽ 'map' ചെയ്ത ശേഷം മാത്രമേ പരിശീലനം നൽകുവാൻ പാടുള്ളൂ. പ്രസ്തുത പഠിതാവ് ഡിജിറ്റൽ സാക്ഷരത നേടി എന്ന് ഉറപ്പാക്കേണ്ട ചുമതല ബന്ധപ്പെട്ട വോളണ്ടിയറുടേത് തന്നെ ആയിരിക്കും.

ii. പരിശീലന മോഡ്യൂൾ

ഡിജിറ്റൽ സാക്ഷരതാ പരിശീലനം ആവശ്യമുള്ള ഒരു വ്യക്തിയ്ക്ക് സ്മാർട്ട്ഫോൺ ഉപയോഗിച്ച് അടിസ്ഥാനപരമായ പരിശീലനം നൽകുന്നതിനുള്ള മോഡ്യൂൾ ആണ് തയ്യാറാക്കിയിട്ടുള്ളത്. കിലയുടെ നേതൃത്വത്തിൽ നടത്തിയ സംസ്ഥാനതല വർക്ക്ഷോപ്പിൽ ചർച്ച ചെയ്ത് അന്തിമമാക്കിയ മോഡ്യൂൾ ആണ് ഇതിന് ഉപയോഗിക്കുന്നത്. പരിശീലന മോഡ്യൂൾ ഡിജിറ്റൽ കോപ്പിയായി തയ്യാർ ചെയ്ത് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്നതാണ്. ആയതിന്റെ ആവശ്യം എണ്ണം കോപ്പികൾ അതത് തദ്ദേശ സ്ഥാപനം പ്രിന്റ് ചെയ്ത് പഠിതാക്കൾക്ക് വിതരണം ചെയ്യേണ്ടതാണ്.

3. മൂല്യ നിർണ്ണയ പ്രക്രിയ

ഓരോ പഠിതാവിന്റെയും പരിശീലനത്തിന്റെ പുരോഗതി രേഖപ്പെടുത്തുന്നതിനുള്ള 'ഡിജിറ്റൽ

പ്രോഗ്രസ് കാർഡ് സംവിധാനം മൊബൈൽ ആപ്ലിക്കേഷനിൽ ഉണ്ടായിരിക്കും. ഓരോ ഘട്ടം പരിശീലനത്തിലും നേടുന്ന പുരോഗതി ഈ 'ഡിജിറ്റൽ പ്രോഗ്രസ് കാർഡ്'-ൽ പരിശീലനം നൽകുന്ന വോളണ്ടിയർമാർ രേഖപ്പെടുത്തുന്നതാണ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന ആളുകളുടെ പഠന പുരോഗതി, പരിശീലനത്തിനായി വികസിപ്പിക്കുന്ന മൊബൈൽ ആപ്പ് തന്നെ ഉപയോഗിച്ച് വിലയിരുത്തേണ്ടതാണ്. ഇതിനായി ഒരു 'evaluation module' മൊബൈൽ ആപ്ലിക്കേഷനിൽ ഉൾച്ചേർക്കുന്നതാണ്. പരിശീലനം നൽകിയ മാതൃകയിൽ തെരഞ്ഞെടുക്കപ്പെട്ട വോളണ്ടിയർമാരെ നിയോഗിച്ച് തന്നെയായിരിക്കും മൂല്യ നിർണ്ണയവും നടത്തേണ്ടത്. എന്നാൽ ഒരു പഠിതാവിന് പരിശീലനം നൽകിയ വോളണ്ടിയർ യാതൊരു കാരണവശാലും അതേ പഠിതാവിന്റെ പഠന പുരോഗതി മൂല്യ നിർണ്ണയം നടത്തുവാൻ പാടില്ല. ഓരോ പഠിതാവിന്റെയും ഡിജിറ്റൽ സാക്ഷരത പരിശോധിച്ച് അത് മൊബൈൽ ആപ്ലിക്കേഷനിൽ രേഖപ്പെടുത്തി കഴിയുമ്പോൾ മൂല്യ നിർണ്ണയ പ്രക്രിയ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് അപ്പോൾ തന്നെ ഒരു ഡിജിറ്റൽ സാക്ഷരതാ സാക്ഷ്യപത്രം നൽകി അവർ വിജയിച്ചതായി കണക്കാക്കുന്നതാണ്.

മൂല്യനിർണ്ണയത്തിൽ പരാജയപ്പെടുന്നവർക്ക് വീണ്ടും ആവശ്യമായ പരിശീലനം നൽകുകയും ഡിജിറ്റൽ സാക്ഷരത ലഭിച്ചു എന്ന് ഉറപ്പാക്കി വീണ്ടും മൂല്യ നിർണ്ണയം നടത്തുകയും വേണം. മൂന്ന് തവണയിൽ കൂടുതൽ പരാജയപ്പെട്ടാൽ തദ്ദേശ സ്ഥാപന തലത്തിൽ രൂപീകരിക്കുന്ന ഡിജിറ്റൽ സാക്ഷരതാ സമിതി, ഇവർക്ക് പ്രത്യേക പരിഗണന നൽകി ഓരോ വ്യക്തിക്കും പ്രത്യേകം ശ്രദ്ധ നൽകി പഠിപ്പിച്ചെടുക്കേണ്ടതാണ്.

ഡിജി കേരളം പദ്ധതി വിജയകരമായി പൂർത്തിയാക്കുന്ന തദ്ദേശ സ്ഥാപനങ്ങൾക്കും, നിയോജക മണ്ഡലങ്ങൾക്കും, ജില്ലകൾക്കും ബഹു. മുഖ്യമന്ത്രിയുടെ സി. എം. ഡിജിറ്റൽ അവാർഡ് നൽകുന്നതാണ്. സംസ്ഥാനത്തെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത 10 സ്ഥാപനങ്ങൾക്കും, 140 നിയോജക മണ്ഡലങ്ങളിൽ നിന്ന് തെരഞ്ഞെടുത്ത 10 മണ്ഡലങ്ങൾക്കും 14 ജില്ലകളിൽ 4 ജില്ലകൾക്കും അവരുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ പ്ലാറ്റിനം, സ്വർണ്ണം, വെള്ളി, വെങ്കലം എന്നിങ്ങനെ തിരിച്ച് അവാർഡ് നൽകുന്നതാണ്.

4. **സംഘടനാ സംവിധാനം**

'ഡിജി കേരളം' പദ്ധതിയുടെ പ്രവർത്തനങ്ങൾ ഓരോ തലത്തിലും ഏകോപിപ്പിക്കുന്നതിനും പരിശോധിക്കുന്നതിനും ചുവടെ ചേർത്തിട്ടുള്ള മാതൃകയിൽ സംഘടനാ സംവിധാനങ്ങൾ രൂപീകരിക്കേണ്ടതാണ്. എല്ലാതലത്തിലും രൂപീകരിക്കുന്ന മോണിട്ടറിംഗ് സമിതികൾ പദ്ധതിയുടെ മൊത്തത്തിലുള്ള നിർവ്വഹണത്തിനും മോണിട്ടറിങ്ങിനും മേൽനോട്ടം വഹിക്കേണ്ടതാണ്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട സാങ്കേതിക കാര്യങ്ങൾ, മൊബൈൽ ആപ്ലിക്കേഷൻ, വെബ്പോർട്ടൽ, റിപ്പോർട്ടുകൾ തയ്യാറാക്കൽ എന്നിവ സാങ്കേതിക സമിതിയുടെ ചുമതലയായിരിക്കും.

i. **സംസ്ഥാന തലം**

'ഡിജി കേരളം' പദ്ധതിയുമായി യോജിച്ച് പ്രവർത്തിക്കുന്ന വകുപ്പുകളുടെ സംസ്ഥാനതല ഉദ്യോഗസ്ഥരെ ചേർത്ത് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 'ഡിജി കേരളം' സംസ്ഥാന മോണിറ്ററിംഗ് സമിതി രൂപീകരിക്കേണ്ടതാണ്.

**പദ്ധതി നിർവഹണത്തിനുള്ള സമയക്രമം**

| ക്രമ നമ്പർ | പ്രവർത്തി | സമയക്രമം |
|---|---|---|
| 1. | വോളണ്ടിയർമാരുടെ രജിസ്ട്രേഷൻ | 17/05/2024ന് പുനരാരംഭിച്ച് 30/06/2024 ന് മുൻപ് പൂർത്തിയാക്കണം |
| 2 | സംസ്ഥാനത്ത് ഒട്ടാകെ വിവര ശേഖരണം | 2024 ജൂൺ 6 മതൽ 30വരെ |

| | | |
|---|---|---|
| 3. | വോളണ്ടിയർമാരുടെ പരിശീലനം | 2024 ജൂലൈ 1 മുതൽ ആഗസ്റ്റ് 31 വരെ |
| 4. | പഠിതാക്കളുടെ പരിശീലനം | 2024 ആഗസ്റ്റ് 1 മുതൽ സെപ്റ്റംബർ 30 വരെ |
| 5. | പരിശീലനം ലഭിച്ച പഠിതാക്കളുടെ മൂല്യനിർണ്ണയം | 2024 ഒക്ടോബർ 1 മുതൽ |
| 6. | പുനഃ പരിശീലനം ലഭിച്ച പഠിതാക്കളുടെ മൂല്യനിർണ്ണയം | 2024 ഒക്ടോബർ 5 മുതൽ 15 വരെ |
| 7. | തദ്ദേശ സ്ഥാപനങ്ങൾ ഡിജിറ്റൽ സാക്ഷരത നേടിയതായ പ്രഖ്യാപനം | 2024 ഒക്ടോബർ 5 മുതൽ 31 വരെ |
| 8. | സംസ്ഥാനം സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടിയതായുളള പ്രഖ്യാപനം | 2024 നവംബർ 1 |

**'ഡിജി കേരളം' സംസ്ഥാനതല മോണിറ്ററിംഗ് സമിതി**

- ബഹു. മുഖ്യമന്ത്രി- ചെയർമാൻ
- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി – വൈസ് ചെയർമാൻ
- പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് –കൺവീനർ
- പ്രിൻസിപ്പൽ സെക്രട്ടറി ഐ.റ്റി. വകുപ്പ് – അംഗം
- പ്രിൻസിപ്പൽ സെക്രട്ടറി ഉന്നത വിദ്യാഭ്യാസ വകുപ്പ് – അംഗം
- പ്രിൻസിപ്പൽ ഡയറക്ടർ - സംസ്ഥാന നോഡൽ ഓഫീസർ
- ഡയറക്ടർ, റൂറൽ - അംഗം
- ഡയറക്ടർ, അർബൻ - അംഗം
- എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ – അംഗം
- എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ – അംഗം
- ഡയറക്ടർ ജനറൽ - കില
- ചെയർമാൻ, മുനിസിപ്പൽ ചെയർപെഴ്സൺസ് ചേമ്പർ - അംഗം
- ചെയർമാൻ, മേയേഴ്സ് കൗൺസിൽ - അംഗം
- പ്രസിഡന്റ്, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ - അംഗം
- പ്രസിഡന്റ്, ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ - അംഗം

- പ്രസിഡന്റ്, ജില്ലാപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ - അംഗം
- ഡയറക്ടർ, സാമൂഹിക സന്നദ്ധസേന- അംഗം
- ഡയറക്ടർ, സാക്ഷരത മിഷൻ- അംഗം
- സെക്രട്ടറി, സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ- അംഗം
- സെക്രട്ടറി, യൂത്ത് വെൽഫയർ ബോർഡ്- അംഗം
- സ്റ്റേറ്റ് കോർഡിനേറ്റർ, എൻ എസ് എസ്- അംഗം
- രജിസ്ട്രാർ, ടെക്നിക്കൽ യൂണിവേഴ്സിറ്റി- അംഗം
- രജിസ്ട്രാർ, ഡിജിറ്റൽ യൂണിവേഴ്സിറ്റി- അംഗം
- ഡെപ്യൂട്ടി ഡയറക്ടർ എൽ.എസ്.ജി.ഡി., പ്രിൻസിപ്പൽ ഡയറക്ടറേറ്റ് – അസിസ്റ്റന്റ് നോഡൽ ഓഫീസർ
- അസിസ്റ്റന്റ് ഡയറക്ടർ എൽ.എസ്.ജി.ഡി. , പ്രിൻസിപ്പൽ ഡയറക്ടറേറ്റ് – അസിസ്റ്റന്റ് നോഡൽ ഓഫീസർ

ii. **ജില്ലാ തലം**

സംസ്ഥാന മാതൃകയിൽ ജില്ലാതലത്തിൽ ബഹു. എം.പി.മാർ, എം.എൽ.എ.മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് എന്നിവർ രക്ഷാധികാരികൾ ആയും ജില്ലാ കലക്ടർ അദ്ധ്യക്ഷനും ആയി 'ഡിജി കേരളം' ജില്ലാതല മോണിറ്ററിംഗ് സമിതിയും രൂപീകരിക്കേണ്ടതാണ്.

**'ഡിജി കേരളം' ജില്ലാതല മോണിറ്ററിംഗ് സമിതി**

- ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് –ചെയർമാൻ
- ജില്ലാ കലക്ടർ –കോ-ചെയർമാൻ
- ജില്ലാ ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് –കൺവീനർ & ജില്ലാ നോഡൽ ഓഫീസർ
- തദ്ദേശ സ്ഥാപന അദ്ധ്യക്ഷന്മാരുടെ സംഘടനാ പ്രതിനിധികൾ - അംഗങ്ങൾ
- പ്രോജക്ട് ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടർ– അംഗം
- തദ്ദേശ സ്വയംഭരണ വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർമാർ - അംഗങ്ങൾ
- ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ – അംഗം
- ജില്ലാ കോ-ഓർഡിനേറ്റർ, ഇൻഫർമേഷൻ കേരളാ മിഷൻ – അംഗം

- സെക്രട്ടറി, ജില്ല ലൈബ്രറി കൗൺസിൽ-അംഗം
- പ്രൊജക്ട് ഓഫീസർ/TEM/TDM- അംഗം
- കൈലയുടെ പ്രതിനിധി- അംഗം
- സാക്ഷരത മിഷൻ ജില്ല കോർഡിനേറ്റർ- അംഗം
- എൻ.എസ്.എസ്. ജില്ല കോർഡിനേറ്റർ- അംഗം
- ജില്ലാ പ്രോഗ്രാം മാനേജർ - അംഗം
- കമ്മ്യൂണിറ്റി ഡവലപ്മെന്റ് എക്സ്പർട്ട് — അംഗം

iii. **നിയോജക മണ്ഡലതലം**

ജില്ലാ മാതൃകയിൽ നിയോജക മണ്ഡല തലത്തിൽ ബന്ധപ്പെട്ട എം.എൽ.എ. അദ്ധ്യക്ഷനും ജില്ലാ നോഡൽ ഓഫീസർ കൺവീനറും ആയി 'ഡിജി കേരളം' നിയോജക മണ്ഡലതല മോണിറ്ററിംഗ് സമിതിയും രൂപീകരിക്കേണ്ടതാണ്.

**'ഡിജി കേരളം' നിയോജക മണ്ഡലതല മോണിറ്ററിംഗ് സമിതി**

- ബന്ധപ്പെട്ട എം.എൽ.എ.— അദ്ധ്യക്ഷൻ
- എം.എൽ.എ നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥൻ— കൺവീനർ
- നഗരസഭാ അദ്ധ്യക്ഷന്മാർ - അംഗങ്ങൾ
- നഗരസഭാ സെക്രട്ടറിമാർ - അംഗങ്ങൾ
- ബ്ലോക്ക് പഞ്ചായത്ത് അദ്ധ്യക്ഷന്മാർ - അംഗങ്ങൾ
- ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ — അംഗങ്ങൾ
- ഗ്രാമപഞ്ചായത്ത് അദ്ധ്യക്ഷന്മാർ - അംഗങ്ങൾ
- ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ — അംഗങ്ങൾ

iv. **തദ്ദേശ സ്വയംഭരണ സ്ഥാപനതലം**

പദ്ധതിയുടെ ഫീൽഡ് തല പ്രവർത്തനങ്ങൾ എല്ലാം നടക്കുന്നത് തദ്ദേശ സ്ഥാപനതലത്തിൽ ആയതിനാൽ എല്ലാ പ്രവർത്തനങ്ങളും ഏറ്റവും കാര്യക്ഷമമായി ഏകോപിപ്പിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും ഒരു തദ്ദേശ സ്ഥാപനതല കമ്മിറ്റിയും ഒരു ടെക്നിക്കൽ സബ് കമ്മിറ്റിയും രൂപീകരിക്കേണ്ടതാണ്.

**'ഡിജി കേരളം' — തദ്ദേശ സ്ഥാപനതല മോണിട്ടറിംഗ് സമിതി**

- തദ്ദേശ സ്ഥാപന അദ്ധ്യക്ഷൻ — അദ്ധ്യക്ഷൻ
- തദ്ദേശ സ്ഥാപന സെക്രട്ടറി — കൺവീനർ
- എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളും — അംഗങ്ങൾ
- പ്രമുഖ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ - അംഗങ്ങൾ
- 'ഡിജി കേരളം' കോ-ഓർഡിനേറ്റർ* - അംഗം
- ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ മെമ്പർമാർ - അംഗങ്ങൾ
- ബ്ലോക്ക് പഞ്ചായത്തിലെ ചുമതലയുള്ള ഉദ്യോഗസ്ഥൻ- അംഗം
- സി.ഡി.എസ്. ചെയർപേഴ്സൺ - അംഗം
- തദ്ദേശ സ്ഥാപനതല അസിസ്റ്റന്റ് സെക്രട്ടറി—നോഡൽ ഓഫീസർ
- ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥ പ്രതിനിധി - അംഗം
- ബ്ലോക്ക് ആർ.ജി.എസ്.എ. കോ-ഓർഡിനേറ്റർ, Thematic Expert — അംഗം
- ടെക്നിക്കൽ അസിസ്റ്റന്റ്, ഐ.കെ.എം. — അംഗം
- സാക്ഷരത പ്രേരക്- അംഗം
- SC പ്രൊമോട്ടർ- അംഗം
- ST പ്രൊമോട്ടർ- അംഗം
- പ്രോഗ്രാം ഓഫീസർ എൻ എസ് എസ്- അംഗം

*- സന്നദ്ധ സേവന തൽപരതയും സംഘാടന മികവുമുള്ള ഒരു വ്യക്തിയെ തദ്ദേശ സ്ഥാപനം 'ഡിജി കേരളം' കോ-ഓർഡിനേറ്റർ* ആയി തെരഞ്ഞെടുക്കേണ്ടതാണ്. ആവശ്യമെങ്കിൽ തദ്ദേശ സ്ഥാപനം തീരുമാനിക്കുന്ന ഒന്നോ രണ്ടോ അംഗങ്ങളെ കൂടി സമതിയുടെ ഭാഗമാക്കാവുന്നതാണ്.

**വാർഡ്/ഡിവിഷൻ തലം**

വാർഡ്/ഡിവിഷൻ തലത്തിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും വാർഡ്/ഡിവിഷൻ തല മോണിട്ടറിംഗ് സമിതി രൂപീകരിക്കേണ്ടതാണ്. പദ്ധതി മോണിറ്ററിംഗിനായി വാർഡ് തല കോർഡിനേറ്ററായി ഗ്രാമസഭ കോർഡിനേറ്ററെ ചുമതലപ്പെടുത്താവുന്നതാണ്.

**'ഡിജി കേരളം' — വാർഡ്/ഡിവിഷൻതല മോണിട്ടറിംഗ് സമിതി**

- വാർഡ് മെമ്പർ/ഡിവിഷൻ കൗൺസിലർ — അദ്ധ്യക്ഷൻ

- വാർഡ് /ഡിവിഷൻതല ചുമതലയുള്ള ഉദ്യോഗസ്ഥ/ൻ — കൺവീനർ
- സി.ഡി.എസ്. അംഗം - അംഗം
- എ.ഡി.എസ്. അംഗങ്ങൾ - അംഗം

5. **പദ്ധതിയ്ക്കുള്ള വിഭവസ്രോതസ്സ്**

വോളണ്ടിയർമാരുടെ ഭക്ഷണം, അവർക്ക് വേണ്ട സുരക്ഷിതമായ യാത്ര ഒരുക്കൽ, മറ്റ് പ്രിന്റിംഗ് ചെലവുകൾ തുടങ്ങി ഡിജി കേരളം പദ്ധതിയുമായി ബന്ധപ്പെട്ടുള്ള എല്ലാ ചെലവുകളും സാക്ഷരതാ പ്രവർത്തന അക്കൗണ്ടിൽ നിന്ന് തദ്ദേശ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. പ്രസ്തുത അക്കൗണ്ടിൽ തുകയില്ലെങ്കിൽ മാത്രം തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കാവുന്നതാണ്. (ഇതിനായി ഗ്രാമ പഞ്ചായത്തുകൾക്ക് പരമാവധി ഒരു ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്ക് പരമാവധി മൂന്ന് ലക്ഷം രൂപയും കോർപ്പറേഷനുകൾക്ക് പരമാവധി അഞ്ച് ലക്ഷം രൂപയും തനത് ഫണ്ടിൽ നിന്നും ചെലവഴിക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്).

**അനുബന്ധം**

Digi Keralam — Survey Questionnaire

*(The mobile application to collect the field level details of digitally illiterate shall be designed on the following sequence of questions asked and responses received)*

1.പേര് -

2. വയസ്സ് -

3. ലിംഗം -

4. വിദ്യാഭ്യാസ യോഗ്യത -

5. തൊഴിൽ -

6. കുടുംബശ്രീ അംഗമാണോ ?

7. തൊഴിലുറപ്പ് പദ്ധതി ജോബ് കാർഡ് ഉണ്ടോ ?

8. സ്മാർട്ട്ഫോൺ/കമ്പ്യൂട്ടർ ഉപയോഗിക്കാൻ അറിയാമോ ?

*(ഈ ചോദ്യത്തിന് 'അല്ല' എന്നാണ് ഉത്തരം എങ്കിൽ ഡിജിറ്റൽ സാക്ഷരത ഇല്ല എന്നും, 'അതെ' എന്നാണ് ഉത്തരം എങ്കിൽ ഇനിയുള്ള ചോദ്യങ്ങൾ ചോദിയ്ക്കാവുന്നതാണ്)*

9. സ്വന്തമായി സോഷ്യൽ മീഡിയ സൈറ്റുകൾ ഉപയോഗിക്കാൻ അറിയാമോ?

10. ചുവടെ ചേർത്തിട്ടുള്ള ഏതെങ്കിലും സർക്കാർ പദ്ധതി വഴിയാണോ ഡിജിറ്റൽ സാക്ഷരത കൈവരിച്ചത്

*i. ബാലസഭ ii. അയൽക്കൂട്ടം iii. ഇ-മുറ്റം iv. അക്ഷയ v. മറ്റുള്ളവ*

11. ഏതൊക്കെ സോഷ്യൽ മീഡിയ സൈറ്റുകൾ ഉപയോഗിക്കാൻ അറിയാം— Whatsapp, Facebook, Instagram, Twitter, Telegram, Signal, etc.

(ഈ ചോദ്യത്തിന് ഉത്തരം നൽകുവാൻ *check box നൽകും. ഏതെങ്കിലും ഒരു സോഷ്യൽ മീഡിയ ആപ്ലിക്കേഷൻ ഉപയോഗിക്കാൻ അറിയാം എങ്കിൽ* അടുത്ത ഘട്ടത്തിലേക്കുള്ള ചോദ്യങ്ങൾ ചോദിയ്ക്കാം)

12. ഓൺലൈൻ ആയി സാധന സാമഗ്രികൾ വാങ്ങാൻ അറിയാമോ?

13. സ്മാർട്ട്ഫോണ് ഉപയോഗിച്ച് സ്വന്തമായി ഓൺലൈന് ബാങ്കിംഗ്/ പെയ്മെൻറ് ആപ്പുകൾ ഉപയോഗിക്കാൻ അറിയാമോ?

14. സർക്കാർ സേവനങ്ങൾ ഓൺലൈന് ആയി പ്രയോജനപ്പെടുത്താൻ അറിയാമോ?

**പരിശീലന മൊഡ്യൂൾ**

**മൊഡ്യൂൾ-1**

1. സ്മാർട്ട് ഫോൺ ഓൺ ചെയ്യാനും ഓഫ് ചെയ്യാനും അറിയുക
2. സ്മാർട്ട് ഫോൺ ഉപയോഗിച്ച് ഒരു കോൾ ചെയ്യാനും സ്വീകരിക്കാനും അറിയുക
3. സ്മാർട്ട് ഫോൺ ഉപയോഗിച്ച് ഫോട്ടോ എടുക്കാൻ അറിയുക
4. സ്മാർട്ട് ഫോൺ ഉപയോഗിച്ച് മെസ്സേജുകൾ അയയ്ക്കുവാനും സ്വീകരിക്കുവാനും അറിയുക
5. സ്മാർട്ട് ഫോണിൽ ഒരു പുതിയ ആപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്യാൻ അറിയുക

**മൊഡ്യൂൾ-2**

1. സ്മാർട്ട് ഫോൺ ഉപയോഗിച്ച് ഇ-മെയിൽ അയയ്ക്കുവാനും സ്വീകരിക്കുവാനും അറിയുക
2. ഒരു സോഷ്യൽ മീഡിയ ആപ്ലിക്കേഷനിൽ (Whatsapp, Facebook പോലുള്ളവ) സ്വന്തമായി പ്രൊഫൈൽ ഉണ്ടാക്കുവാനും ഒരു facebookപേജ് like ചെയ്യാനും അറിയുക.
3. ഒരു സോഷ്യൽ മീഡിയ ആപ്ലിക്കേഷൻ (Whatsappപോലുള്ളവ) ഉപയോഗിച്ച് ടെക്സ്റ്റ് മെസ്സേജുകൾ അയയ്ക്കാനും സ്വീകരിക്കാനും അറിയുക.
4. ഒരു സോഷ്യൽ മീഡിയ ആപ്ലിക്കേഷൻ (Whatsappപോലുള്ളവ) ഉപയോഗിച്ച് വോയ്സ് മെസ്സേജുകൾ അയയ്ക്കുവാനും സ്വീകരിക്കാനും അറിയുക.
5. ഓൺലൈൻ മാധ്യമങ്ങളിൽ വീഡിയോ കോൺഫറൻസ് (ഗൂഗിൾ മീറ്റ് പോലുള്ളവ) ആപ്ലിക്കേഷൻ ഉപയോഗിക്കുവാൻ അറിയുക

## മൊഡ്യൂൾ-3

1. ഗൂഗിൾ സെർച്ച് വഴി വിവരങ്ങൾ, ചിത്രങ്ങൾ ശേഖരിക്കുവാൻ അറിയുക
2. YouTube ഉപയോഗിച്ച് വീഡിയോ കാണുവാനും, ഒരു YouTube ചാനൽ subscribe ചെയ്യാനും അറിയുക
3. ഓൺലൈൻ ആയി ഗാർഹിക ഉപയോഗത്തിനുള്ള ഗ്യാസ് ബുക്ക് ചെയ്യാനും വൈദ്യുതി ബില്ലുകൾ പെയ്മെന്റ് നടത്താനും അറിയുക
4. സർക്കാർ സേവനങ്ങൾ ഓൺലൈൻ ആയി ഉപയോഗിക്കുവാൻ അറിയുക (ILGMS, KSMART, eDistrict, മുതലായവ)
5. ബഹു. മുഖ്യമന്ത്രിയുടെ 'സത്യമേവ ജയതേ' പദ്ധതിയുടെ വിശദാംശങ്ങൾ